സാധിക്കും. ഓർഫനേജുകൾ ഒരു ഉദാഹരണമാണ്. ഓർഫൻസ്, യത്തീം കുട്ടികളുടെ കാര്യം അങ്ങനെ പരിഹരിച്ച സ്ഥിതിയാണ്. നമ്മുടെ സ്റ്റേറ്റിൽ വളരെയധികം ഓർഗനൈസ്ഡ് ആയിട്ട് എല്ലാ സന്നദ്ധ സംഘടനകളും മുന്നോട്ടു വന്നിട്ടുണ്ട്. അതുപോലെ വൃദ്ധജനങ്ങളുടെ കാര്യത്തിലും സഹകരണം ഉണ്ടാകണം. അതിനുവേണ്ടി ഗവൺമെന്റിന് ആകുന്ന തരത്തിൽ മുൻകൈ എടുക്കുവാൻ ഞങ്ങൾ ആലോചിക്കുന്നുണ്ട്.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : സർ, കർഷക തൊഴിലാളി പെൻഷൻ ഉൾപ്പടെ മറ്റു പെൻഷനുകളുടെ കുടിശ്ശിക ഈ ഓണത്തിനു മുമ്പ് പൂർണ്ണമായി വിതരണം ചെയ്യുന്നതിന് തയ്യാറാകുമോ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ.ശങ്കരനാരായണൻ) : വളരെ മുമ്പ് ബാക്കിയുള്ള പെൻഷനാണ്. 2002 മാർച്ച് അവസാനം വരെ കൊടുത്തു തീർത്തു. കർഷക തൊഴിലാളികളുടെ പെൻഷൻ വളരെയധികം ബാക്കിയുണ്ടായിരുന്നു. ഓണത്തിന് കർഷക തൊഴിലാളികൾക്ക് ബാക്കി കൊടുക്കുമ്പോൾ വളരെയധികം ബാക്കി കൊടുത്തു തീർക്കണമെന്നാണ്. കൊടുക്കും. അതിന് യാതൊരു സംശയവുമില്ല.

(2) വനിതാ പോലീസുകാരുടേയും വനിതാ പോലീസ് സ്റ്റേഷനുകളുടേയും എണ്ണം വർദ്ധിപ്പിച്ച് അവർക്ക് ഉയർന്ന തസ്തികകളിൽ പ്രവേശനം നൽകണമെന്ന ആവശ്യം

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, കോലിന്മേൽ സാതി ചുറ്റിക്കണ്ടാൽ ഹാലിളകുന്ന ചിലരുടെയൊക്കെ സ്വഭാവ വൈകൃതങ്ങൾക്ക് അറുതി വരുത്താത്തിടത്തോളം കാലം സ്ത്രീകൾക്ക് അവരുടെ ന്യായമായ പരാതികളുമായി പോലീസ് സ്റ്റേഷനുകളിലേക്ക് കടന്നുചെല്ലാൻ അറപ്പുണ്ടാകും. അവിടെ മറുന്നിനെങ്കിലും ഒരു സ്ത്രീയുണ്ടെങ്കിൽ ഈ അകൽച്ച അല്പമെങ്കിലും കുറയ്ക്കാൻ കഴിയും. സ്ത്രീകളുടെ ന്യായമായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നത് കുടുംബ ഭദ്രതയ്ക്ക് സഹായകമാവുകയും ചെയ്യും. കുടുംബ ഭദ്രത വന്നാൽ സമൂഹ ഭദ്രത താനേ കൈവരും. അതുകൊണ്ട് നാമൊക്കെ സ്വപ്നം കാണുന്ന ഒരു നല്ല നാളെയുടെ പിറവിക്കുവേണ്ടി പോലീസ് ഡിപ്പാർട്ടുമെന്റിൽ കുറെക്കൂടി കൂടുതൽ സ്ത്രീകൾ വേണം. കുറേക്കൂടി വനിതാ പോലീസ് സ്റ്റേഷനുകൾ.....

മി.സ്പീക്കർ: ഇപ്പോൾ ഒരുപാട് പേരെ എടുക്കുകയല്ലേ ടീച്ചർ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: വേണം. ഞാനൊന്ന് അവതരിപ്പിച്ചോട്ടെ. നെയ്യപ്പം തിന്നാൽ രണ്ടുണ്ട് കാര്യം. സ്ത്രീകൾക്ക് അവരുടെ പ്രശ്നങ്ങൾ വിശ്വാസത്തോടുകൂടി അവതരിപ്പിക്കാൻ ഒരു വേദി ഒരുങ്ങിക്കിട്ടുമ്പോൾ കുറെയേറെ സ്ത്രീകൾക്ക് മാന്യമായി ജീവിക്കാൻ അന്തസ്സുള്ള ഒരു പണി കിട്ടുന്നു എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. 434 പോലീസ് സ്റ്റേഷനുകൾ കേരളത്തിലുണ്ടെന്നാണ് എന്റെ അറിവ്. 23-6-2003-ൽ

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചർക്ക് നിയമസഭയിൽ നൽകിയ 788-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽ വ്യക്തമാക്കി. ഇവിടെ വനിതാ എസ്.പി. ഒരാളേയുള്ളൂ. വനിതാ ഡിവൈ. എസ്.പി. ഒരാളേയുള്ളൂ. വനിതാ സി.ഐ.-മാർ 21 പേർ മാത്രം. വനിതാ എസ്.ഐ.-മാർ 74 പേരും.

മി. സ്പീക്കർ: ഇത്രയും ഉണ്ടോ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഇത്രയുമുണ്ട്. ഡബ്ല്യൂ.പി.സി.-മാർ 1419 പേർ ഉണ്ടെന്നാണ് എന്റെ അറിവ്. അവരിൽ 600 പേരും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നിയമനം കിട്ടിയവരുമാണ്. അതിൽ സന്തോഷമുണ്ട്. പക്ഷേ ഇപ്പോഴും എണ്ണം പോരാ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള പത്താം നമ്പർ സബ്ജക്ട് കമ്മിറ്റി മൊത്തം പോലീസ് ഫോഴ്സിന്റെ 10 ശതമാനം സ്ത്രീകളായിരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഉടനെ 600 പേരെക്കൂടി എടുക്കുമെന്ന് ധനാഭ്യർത്ഥന ചർച്ചാവേളയിൽ അദ്ദേഹം വാഗ്ദാനം ചെയ്തത് ഞാൻ മറക്കുന്നില്ല. എന്നാലും ആ 600 കൂടി ചേർത്താലും 2019 ആവുകയേയുള്ളൂ. മൊത്തം ആൺപോലീസിന്റെ എണ്ണം ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അറിയാം പത്ത് ശതമാനമാകാൻ ഈ 2019 എത്ര അകലെയാണ് നിൽക്കുന്നത്, ഇനി എത്ര കൂടി കൂട്ടിച്ചേർക്കണമെന്ന്. അത് ഒരു ഭാഗം, ഇനി കയറിപ്പറ്റുന്നവരുടെ പ്രൊമോഷൻ. എത്രയുണ്ടെന്ന് അങ്ങ് ചോദിച്ചത് സന്തോഷപൂർവ്വം ഉൾക്കൊണ്ടുകൊണ്ട് ഞാൻ പറയട്ടെ, അത്രയേയുള്ളൂ. പ്രൊമോഷൻ അർഹതപ്പെട്ട രീതിയിൽ കിട്ടുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എല്ലാ ജില്ലകളിലും ഓരോ സി.ഐ.-യുടെ നേതൃത്വത്തിൽ വനിതാ സെൽ വന്നിട്ടുണ്ടെന്നുള്ളതൊക്കെ ഞാൻ സന്തോഷത്തോടുകൂടി ഓർക്കുന്നു. പക്ഷേ ഒരു വനിതാ എസ്.പി.-യും ഒരു വനിതാ ഡിവൈ.എസ്.പി.-യും ഉണ്ടെന്നുള്ളത് ആശ്വാസകരം. എന്തേ വനിതകളുടെ എണ്ണത്തിൽ ഒരേ ഒരു എസ്.പി.-യും ഒരേ ഒരു ഡിവൈ.എസ്.പി.-യും മാത്രമായി ചുരുങ്ങി? ഒന്നുകൂടി ചോദിക്കാനുണ്ട്. എന്തുകൊണ്ട് വനിതാ സെല്ലിൽ മാത്രമായി ഒതുങ്ങി. ഒരു എസ്.പി.-യും ഒരു ഡിവൈ. എസ്.പി.-യും ഉണ്ടെങ്കിൽ അത് വനിതാ സെല്ലിലാണ്. സ്ത്രീകളെ പോലീസ് സേനയിലെ പെണ്ണുങ്ങളുമായി ബന്ധപ്പെടാത്ത മറ്റൊരു പണിക്കും കൊള്ളില്ല എന്നാണെങ്കിൽ ഐ.പി.എസ്.-കാരായി സ്ത്രീകൾ വരില്ലല്ലോ? പോലീസ് സേനയിൽ ഐ.പി.എസ്.-കാരെല്ലാം കൊള്ളാം, അല്ലാത്ത പെണ്ണുങ്ങൾ വേറൊരു പണിക്കും കൊള്ളില്ലേ? നമ്മൾ ചിന്തിക്കേണ്ട കാര്യമാണ്. ആൺപോലീസിനെപ്പോലെ പെൺപോലീസിനേയും എ.പി., എ.ആർ., ലോക്കൽ എന്നീ സമ്പ്രദായത്തിൽ കൊണ്ടുവന്ന് സ്ത്രീകളുടെ മുഴുവൻ കഴിവും പ്രയോജനപ്പെടുത്തിക്കൂടേ? ഇൻഡ്യയിൽ ഒരിടത്തും ഇല്ലാത്ത ഒരേർപ്പാട് കേരളത്തിൽ തുടങ്ങിയിട്ട് കേരളം മറ്റ് സംസ്ഥാനങ്ങൾക്ക് മാതൃകയായിക്കൂടേ? ആൺ-പെൺ വ്യത്യാസമില്ലാതെ ഒരു മിക്സഡ് പോലീസ് സേനയ്ക്ക് രൂപം കൊടുത്തുകൂടേ? അതുപോലെ ആൺ എസ്.ഐ.-മാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

ഡയറക്ട് റിക്രൂട്ട്മെന്റുണ്ട്. പെൺ എസ്. ഐ.-മാർക്ക് ഇപ്പോൾ ഡയറക്ട് റിക്രൂട്ട്മെന്റില്ല. പി.സി.-മാർക്ക് എച്ച്. സി.-മാരായി പ്രൊമോഷൻ കിട്ടി അത്യപൂർവ്വമായ സ്ഥാനങ്ങളിൽ എസ്.ഐ.-മാരാകുന്നുവെന്നുള്ളതല്ലാതെ ഡയറക്ട് റിക്രൂട്ട്മെന്റ് വനിതാ എസ്.ഐ.-മാർക്കില്ല. അതിന് എന്താണ് കാരണമെന്നറിയില്ല. പി.സി.-യായി സർവ്വീസിൽ കയറി മുത്തുനരച്ച് പി.സി.-യായി റിട്ടയർ ചെയ്യേണ്ടിവരുന്ന സ്ത്രീകളുടെ എണ്ണം ഡിപ്പാർട്ടുമെന്റിൽനിന്ന് വളരെ എളുപ്പം കളക്ട് ചെയ്യാൻ പറ്റുന്നതേയുള്ളു. എന്റെ കൈയിലുണ്ട്. ഞാൻ പറയുന്നില്ല. നോൺ-കേഡർ പ്രൊഫസർമാർ ഉള്ളതുപോലെ നോൺ-കേഡർ എസ്.ഐ.-മാർക്ക് വെറുതെ ഗ്രേഡ് കൊടുക്കാതെ ആ പദവിയുംകൂടി കൊടുത്ത് അവരുടെ ധാർമ്മിക ശക്തി വർദ്ധിപ്പിക്കാനുള്ള ഒരു ഏർപ്പാട് ചെയ്തുകൂടേ? അല്ലെങ്കിൽ റെയ്ഞ്ച് അടിസ്ഥാനത്തിലെങ്കിലും ഡബ്ല്യു.പി.സി.-ക്ക് എസ്.ഐ. കഴിഞ്ഞ് പ്രൊമോഷൻ കൊടുത്തുകൂടേ? തുടങ്ങി ഒട്ടനവധി ചോദ്യങ്ങളുണ്ട്. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ നിർത്തിക്കോളാം. നിയമസഭാ കമ്മിറ്റിയുടെ സംരക്ഷകൻ അങ്ങാണ്. ഇവിടെ 1991-1993 കാലഘട്ടത്തിലെ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ഏഴാമത്തെ റിപ്പോർട്ട് 1993 ജൂലൈ 20-ന് സമർപ്പിച്ചതിൽ 95,96,97,98 ശുപാർശകൾ ദയവായി പ്രാവർത്തികമാക്കണം. ഈ ശുപാർശകളിന്മേൽ അഞ്ച് വർഷം കഴിഞ്ഞ് 1998-ൽ ആക്ഷൻ ടേക്കൻ എന്താണെന്ന് മറ്റൊരു എസ്റ്റിമേറ്റ് കമ്മിറ്റിയും ഇതേ നിയമസഭയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആക്ഷൻ ടേക്കൻ എന്നുപറയുന്നത് ഏതാണ്ട് വട്ടപ്പൂജ്യം തന്നെയായിരുന്നു. ഈ പറഞ്ഞ അഞ്ച് ശുപാർശകളിൽ എന്ത് ആക്ഷൻ ടേക്കനാണ് എടുത്തതെന്നു വരുമ്പോൾ വിശ്രമമുറിയും ടോയ്ലറ്റും വേണമെന്നു ഉള്ളതായിരുന്നു ഒരു ശുപാർശ. എന്നാൽ ഈ ശുപാർശയ്ക്ക് 99-ൽ കിട്ടിയ മറുപടി അടുത്ത വർഷത്തെ ബഡ്ജറ്റിൽ ഉൾക്കൊള്ളിക്കാം. എസ്റ്റിമേറ്റ് തയ്യാറാക്കാൻ എസ്.പി.-യോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നുള്ളതുമാത്രമായിരുന്നു. പോലീസ് സ്റ്റേഷനുകളിൽ റിസപ്ക്ഷൻ കൗണ്ടറുണ്ടാക്കി ആ റിസപ്ക്ഷൻ കൗണ്ടറിൽ വനിതകളെ വച്ചാൽ അത് ആകർഷകവും വിപ്ലവാത്മകവുമായിരിക്കുമെന്ന അഭിപ്രായത്തിന്റെ പുറത്ത് ഒരു ശുപാർശ വന്നിരുന്നു. അതിന് 99-ൽ തന്നെ കിട്ടിയ മറുപടി 5 പേരെയെങ്കിലും പ്രത്യേകമായി ഓരോ പോലീസ് സ്റ്റേഷനിലും വയ്ക്കേണ്ടി വരുമെന്നാണ്. അഞ്ചു പേരെ വച്ചാൽത്തന്നെ 2000 വനിതാ പോലീസുകാർക്ക് അന്തസ്സുള്ള ജോലിയാവുകയും പോലീസ് സ്റ്റേഷനുകൾക്ക് ആകർഷകമായ ഒരു മുഖമുണ്ടാക്കാൻ സാധിക്കുകയും ചെയ്യും. ഒരു എളിയ അഭ്യർത്ഥനകൂടിയുണ്ട്. ഗർഭിണികളായ പോലീസ് ഉദ്യോഗസ്ഥകൾക്ക് ഗർഭകാല അവസ്ഥയിൽ പ്രത്യേക യൂണിഫോമുണ്ടാക്കി കൊടുക്കുകയോ അല്ലെങ്കിൽ സാരി ധരിക്കാൻ ഒരു അവസരം സൃഷ്ടിക്കുകയോ ചെയ്യണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട്.....

മി.സ്പീക്കർ: അപ്പോൾ ലിമിറ്റേഷനും അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഉവ്വ്. അതുകൊണ്ടല്ലേ പ്രത്യേക യൂണിഫോമെന്നു പറഞ്ഞത്. പ്രത്യേക യൂണിഫോം തയ്പ്പിച്ചുകൊടുക്കുകയാണെങ്കിൽ കുഴപ്പമില്ല. അല്ലാതെ യൂണിഫോമിനകത്ത് വീർത്തുവരുന്ന വയറിനെ ഒതുക്കണമെന്ന് നിർബന്ധിക്കുന്നത് കിരാതമായ ഒരു ഏർപ്പാടാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഒന്നുകിൽ പ്രത്യേകമായി യൂണിഫോം വേണം അല്ലെങ്കിൽ സാരി ധരിക്കാൻ അവർക്ക് അവകാശം കൊടുക്കണമെന്ന്. വിവിധ പ്രശ്നങ്ങൾ ഞാൻ അവതരിപ്പിച്ചു. സാധിക്കുന്നതിന്റെ പരമാവധി സാധിപ്പിച്ച് ഈ സ്ത്രീകൾക്ക് സംരക്ഷണം നൽകണം.

മി. സ്പീക്കർ: ആ വയറും കൊണ്ട് ക്രിമിനൽസിന്റെ പുറകേ ഓടാൻ കഴിയുമോ?

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ക്രിമിനൽസിന്റെ കൂടെ ഓടാത്ത പണി പോലീസ് ചെയ്യുന്നുണ്ടല്ലോ? ആണ് പോലീസുകാർ പോലീസ് സ്റ്റേഷനിലിരുന്ന് രസീത് കൊടുക്കുന്നുണ്ടല്ലോ? ഗർഭിണികളായ പെൺ പോലീസിനെ എന്തുകൊണ്ട് ആ ജോലി ചെയ്യാൻ നിയോഗിച്ചുകൂടാ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, ബഹുമാന്യയായ മെമ്പർ സാവിത്രി ലക്ഷ്മണൻ വളരെ തൻമയത്വത്തോടുകൂടിയും അതേ അവസരത്തിൽ വളരെ ഫലപ്രദമായിത്തന്നെ വനിതാ പോലീസുകാരുടെ കേസ് ഇവിടെ അവതരിപ്പിച്ചു. പിൻതാങ്ങാൻ അവസരം കിട്ടിയിരുന്നെങ്കിൽ പിന്താങ്ങാൻ തയ്യാറായി ശ്രീമതി ടീച്ചറും ഇരിപ്പുണ്ട്. ഇവിടെ ശ്രീമതി ഗൗരിയമ്മ ആണെങ്കിലും പ്രൊഫസർ പറയുന്ന ഓരോന്നിനും യെസ് പറയുന്നതാണ് ഞാൻ കേട്ടുകൊണ്ടിരുന്നത്. അപ്പോൾ ഇത് ഇന്ന് പരക്കെ അംഗീകരിച്ചുകൊണ്ടിരിക്കുന്ന ഒരു യാഥാർത്ഥ്യമാണ്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. പോലീസിൽ വനിതകളുടെ എണ്ണം കൂടുന്നതനുസരിച്ച് എന്റെ അനുഭവത്തിൽ പുരുഷന്മാരായ പോലീസുകാരുടെ പെരുമാറ്റത്തിൽ തന്നെ കുറച്ചുകൂടി സൗമ്യത വരുന്നു. അവരുടെ പെരുമാറ്റത്തിൽ കുറച്ചുകൂടി മാറ്റമുണ്ടാക്കാൻ വനിതകളുടെ വരവ് വളരെ ഉപകരിച്ചുവെന്നാണ് കഴിഞ്ഞ രണ്ടു വർഷത്തെ അനുഭവം. അതിനുമുമ്പുള്ള എന്റെ അനുഭവം അതാണ്. നേരത്തെ സംസ്ഥാന പോലീസിൽ 2 ശതമാനം വനിതാ പോലീസ് മാത്രമേ ഉണ്ടായിരുന്നുള്ളു. യു.ഡി.എഫ്.-ന്റെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്, ഞാൻ കഴിഞ്ഞ പ്രാവശ്യം മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും ആയിരുന്ന സമയത്താണ് ഈ രണ്ട് ശതമാനം 10 ശതമാനമായി ഉയർത്താനുള്ള നയപരമായ തീരുമാനമെടുത്തത്. ആ തീരുമാനം നടപ്പാക്കാനുള്ള ശ്രമങ്ങൾ വളരെ വേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റും അതേത്തുടർന്ന് കുറെയേറെ ആൾക്കാരെ അന്ന് നിക്രൂട്ട് ചെയ്തു. ഇത്തവണ പി.എസ്.സി.-യുടെ നിലവിലുള്ള ലിസ്റ്റിൽ നിന്ന് 1132 പേർക്ക് അഡ്വൈസ് മെമ്മോ കൊടുത്തു. നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽ നിന്ന് 1132 പേർക്ക് അഡ്വൈസ് മെമ്മോ കൊടുക്കുക മാത്രമല്ല, അതിൽ 1050 പേർക്ക് നിയമന ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. പുതിയതായി

LIBRARY ARCHIVES Kerala Legislative Assembly

അനുവദിച്ച 600 തസ്തികകളിലേക്ക് നിയമനത്തിനുവേണ്ടി പി.എസ്.സി.-യോട് അഡ്വൈസ് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയും ഒരു 600 വനിതാ കോൺസ്റ്റബിൾമാരുടെ തസ്തിക കൂടി സൃഷ്ടിക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ കാലത്തുതന്നെ പോലീസിൽ വനിതകളുടെ പത്ത് ശതമാനം പ്രാതിനിധ്യം ഉറപ്പാക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകാൻ ആഗ്രഹിക്കുകയാണ്. നിലവിൽ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ഓരോ വനിതാ പോലീസ് സ്റ്റേഷനിലും എല്ലാ ജില്ലാ പോലീസ് ആസ്ഥാനങ്ങളിലും ഓരോ വനിതാ പോലീസ് യൂണിറ്റും പ്രവർത്തിച്ചുവരുന്നുണ്ട്. കൂടാതെ പരിമിതമായ രീതിയിൽ ഏതായും പോലീസ് സ്റ്റേഷനുകളിൽ വനിതാ പോലീസുകാരെ പ്രത്യേകമായി നിയോഗിച്ച്, പുരുഷ പോലീസ് വിഭാഗത്തോടൊപ്പം ഡ്യൂട്ടി ചെയ്തുവരുന്നു. ഇത് ഫലപ്രദവും തൃപ്തികരവുമാണെന്നു കണ്ടാൽ കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകൾ തുടങ്ങേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്. ഫലപ്രദമാണെന്നാണ് ഇതുവരെയുള്ള റിപ്പോർട്ട്. ചില സാങ്കേതിക പ്രശ്നങ്ങൾ മാത്രമേ തടസ്സമായിട്ടുള്ളൂ. വനിതാ പോലീസ് ജീവനക്കാർക്ക് ഉയർന്ന തസ്തികകളിലേക്ക് പ്രൊമോഷൻ നൽകുന്ന നടപടി ഈ ഗവൺമെന്റ് തുടങ്ങിക്കഴിഞ്ഞിരിക്കുന്നു: ഇപ്പോൾതന്നെ ഒരു വനിത എസ്. പി., ഒരു വനിത ഡിവൈ.എസ്.പി., 18 വനിത സി.ഐ, 69 വനിത എസ്.ഐ. എന്നിവർ പോലീസ് സേനയിൽ ഉണ്ട്. ഇതിൽ 9 എസ്.ഐ.-മാരുടെ തസ്തിക, വനിത സി.ഐ. ആക്കി അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്. വനിത സി.ഐ.-മാരുടെ എണ്ണം 27 ആക്കി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി ആനുപാതിക പ്രൊമോഷൻ വനിത എച്ച്.സി., പി.സി.-മാർ എന്നിവർക്ക് ലഭിച്ചിട്ടുണ്ട്. എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് തീർച്ചയായിട്ടും പരിശോധിക്കും. അതുപോലെ ജോലിസ്ഥലത്ത് വനിതാ പോലീസുകാർക്ക് അനുഭവപ്പെടുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള നടപടികളും ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. പോലീസുകാരുടെ മൊത്തത്തിലുള്ള വെൽഫെയർ ഗവൺമെന്റിന്റെ മുഖ്യ അജണ്ടയിലാണ്. അതുകൊണ്ട് പോലീസ് സ്റ്റേഷനുകൾക്കും, പോലീസ് ക്യാമ്പുകളിലും ഏറ്റവും കഷ്ടപ്പെട്ട് കഴിഞ്ഞിരുന്ന പോലീസുകാരുടെ വെൽഫെയറിനുവേണ്ടി ഈ ഗവൺമെന്റ് പല നടപടികളും എടുത്തു. ഇന്ന് എല്ലാ ക്യാമ്പുകളും മെച്ചപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അതിൽ തന്നെ ഏറ്റവും മുൻഗണന വന്നത് പോലീസുകാരുടെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്ന കാര്യത്തിലായിരിക്കും എന്നാണ് ഈ സഭയെ അറിയിക്കാനുള്ളത്. വനിതാ പോലീസിന്റെ കാര്യത്തിൽ സഭയിലെ അപ്പുറത്തും, ഇപ്പുറത്തും ഇരിക്കുന്ന അംഗങ്ങളും പ്രത്യേകിച്ച് വനിതാ അംഗങ്ങളും കാണിക്കുന്ന താൽപ്പര്യത്തിലും പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. നിങ്ങളുടെ ഉത്കണ്ഠ തീർച്ചയായും ഗവൺമെന്റ് ഗൗരവമായി പരിഗണിക്കുന്നതായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: ഈ ഗവൺമെന്റിന്റെ കാലത്ത് തന്നെ പത്തു ശതമാനം പോലീസ് സേന വനിതകളായിരിക്കും എന്ന അങ്ങയുടെ ഉറപ്പ് ആത്മാർത്ഥമായി വിശ്വസിച്ചുകൊണ്ട് സ്റ്റേറ്റിലുള്ള എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിത പി.സി., എച്ച്.സി., എസ്.ഐ. എന്നീ തസ്തികകളും മറ്റ് ഉയർന്ന ഓഫീസുകളിൽ സി. ഐ., ഡിവൈ.എസ്.പി. എന്നീ തസ്തികകളും സൃഷ്ടിക്കാനുള്ള സഹായം ചെയ്തുതരുമോ?

മി. സ്പീക്കർ: എല്ലാം കൂടി ഒന്നിച്ച് വേണോ?

ശ്രീ. എ.കെ. ആന്റണി: എന്തായാലും 2% ആയിരുന്ന വനിതാ പോലീസിന്റെ പ്രാതിനിധ്യം 10% ആക്കി മാറ്റാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്ന സർക്കാർ വനിതാ പോലീസുകാർക്ക് ആവശ്യമായ പ്രൊമോഷന്റെ കാര്യത്തിൽ ന്യായമായുള്ള അവസരങ്ങളും നൽകും. ഇത് ഗവൺമെന്റ് തീർച്ചയായും പരിഗണിക്കുന്നതാണ്.

III. സബ്മിഷൻ

(1) വൈദ്യുതി മേഖലയിലെ സ്വകാര്യവൽക്കരണം

ശ്രീ. കെ. പി. രാജേന്ദ്രൻ: വളരെ പ്രധാനപ്പെട്ട ഒരു വിഷയത്തിലേക്കാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയ്ക്കും, അടിയന്തിര നടപടിക്കും വേണ്ടി ഈ വിഷയം ഇവിടെ അവതരിപ്പിക്കുന്നത്. കേന്ദ്രഗവൺമെന്റ് പാസാക്കിയ പുതിയ ഇലക്ട്രിസിറ്റി ആക്റ്റ് അനുസരിച്ച് 2003 ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്റ്റ് അനുസരിച്ച് നിലവിലുള്ള എല്ലാ ഇലക്ട്രിസിറ്റി നിയമങ്ങളും റദ്ദാവുകയാണ്. പുതിയ നിയമം നടപ്പിലാക്കുന്നതോടുകൂടി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ഉൾപ്പെടെ നമ്മുടെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനം സേവന മേഖലയിൽ വളരെയേറെ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്ന ഇലക്ട്രിസിറ്റി ബോർഡ് ഉൾപ്പെടെ ഇല്ലാതാകുന്ന സ്ഥിതിയുണ്ടാവുകയും, സ്വകാര്യ മേഖലയ്ക്ക് ഉൽപ്പാദന, പ്രസരണ, വിതരണ രംഗത്ത് കടന്നുവരാനുള്ള സാഹചര്യം നിയമപരമായി ഒരുങ്ങുകയുമാണ് ചെയ്യുന്നത്. ഇലക്ട്രിസിറ്റി ബോർഡ് പൊതുമേഖലയിൽ നിലനിൽക്കുന്നതിന്റെ ഫലമായി ഗാർഹിക ഉപഭോക്താക്കൾക്ക് വില കുറച്ചുകൊണ്ട് ഇലക്ട്രിസിറ്റി കൊടുക്കുന്നതുൾപ്പെടെ ഗ്രാമീണ മേഖലയിലെ ജനതയ്ക്ക് വൈദ്യുതി എത്തിക്കുന്നതുൾപ്പെടെയുള്ള സാമൂഹിക പ്രതിബദ്ധതയോടുകൂടിയ നിരവധി പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്ന വൈദ്യുതി മേഖലയും, ഇലക്ട്രിസിറ്റി ബോർഡ് അപ്രത്യക്ഷം ആകുകയും പുതിയ നിയമത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖല ഈ രംഗത്തേക്ക് കടന്നുവരുന്നതോടുകൂടി വൈദ്യുതി ഏറ്റവും കൂടിയ വിലയ്ക്ക് വാങ്ങാനും വൈദ്യുതിയുടെ ഉപഭോഗത്തിൽനിന്ന് സാധാരണക്കാർക്കും പാവപ്പെട്ടവർക്കും ദുർബ്ബലർക്കും ആ സൗകര്യങ്ങളും ആ സേവനവും നഷ്ടപ്പെടുന്ന സ്ഥിതി

LIBRARY ARCHIVES Kerala Legislative Assembly